# നിറയെ ന്യൂസിറിക്ക്... പത്രികൈ വാങ്കുങ്കെ...

ബിജു. എസ്. ബാലൻ

സാക്ഷരതയും പത്രം വായനയും തമ്മിൽ വല്ല ബന്ധമുണ്ടോ? മലയാളത്തിലെ ഒരു വിധം പത്രങ്ങളെല്ലാം തങ്ങളുടെ മാന്യവായനക്കാരെ വിശേഷിപ്പിക്കുന്നത് 'സാക്ഷരനായ മലയാളി' എന്നാണല്ലോ. അക്കണക്കിനാണെങ്കിൽ തമിഴ്നാട്ടിൽ പത്രങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. കാരണം കേരളത്തിൽ തമിഴനെക്കുറിച്ച് പ്രചരിച്ചിട്ടുള്ള അനേകം അന്ധവിശ്വാസങ്ങളിലൊന്ന് 'വായിക്കാനറിയാത്തവൻ' എന്നാണല്ലോ.

തമിഴിലെ പ്രമുഖ പത്രങ്ങളുടെയെല്ലാം ആയുസ്സെടുത്തു നോക്കുമ്പോഴറിയാം ഈ അന്ധവിശ്വാസത്തിന്റെ പിന്നിലെ യുക്തി. ദിനതന്തി, ദിനമണി എന്നിവ അറുപതും അമ്പതും വയസ്സ് പ്രായമുള്ളവരാണ് (മലയാളി മുത്തശ്ശിമാരേക്കാൾ ഇച്ചിരി പ്രായം കുറവ്). പിന്നെയുള്ള ദിനകരൻ 25 വയസ്സ് പ്രായമുള്ള യുവാവാണ്. ദിനമലർ എന്ന മറ്റൊരു തമിഴ് പത്രമാണ് പിന്നെയുള്ളത്. കക്ഷി ഇറങ്ങിത്തുടങ്ങിയിട്ട് 30 വർഷമായി. തമിഴന് വായിക്കാനറിയില്ലെങ്കിൽ ഇത്രയധികം പത്രങ്ങൾ വളർന്ന് വന്നതെങ്ങിനെയാണെന്ന് ആരെങ്കിലും ചോദിച്ചിട്ടുണ്ടോ? എന്തിന് പറയുന്നു സാക്ഷാൽ എം. ജി. ആർ തുടങ്ങിയ നമത് എം. ജി. ആർ എന്ന പത്രം 15-ാം വർഷത്തിലും നിൽക്കാതെ ഓടുന്നു. ഈ പത്രം വായിക്കാൻ വേണ്ടി കുറേ പേർ തമിഴ് പഠിച്ചുവെന്ന് കഴിഞ്ഞ നാല്പത് വർഷമായി പത്രം വിൽക്കുന്ന കുമരേശൻ പറയുന്നു. കരിസ്മ കൊണ്ട് സാമൂഹ്യപ്രവർത്തനം നടത്തിയ എം. ജി. ആറിന് ഇങ്ങനെയൊരു ക്രെഡിറ്റുണ്ടെന്ന് പാർട്ടിക്കാർക്കല്ലാതാർക്കുമറിയില്ല.


പക്ഷെ തമിഴന്റെ പത്രവായനാ സംസ്കാരം വേറെയാണ്. മലയാളിക്ക് പത്രം രാവിലത്തെ ഉറക്കച്ചടവു മാറ്റാനുള്ള ലഹരിയാണ്. കരുണാകരന്റെ ഗുരുവായൂർ തൊഴൽ

**ചെന്നൈ വിശേഷം**

വാർത്തയും ഗുജറാത്ത് കലാപവും ഒരേ മനസ്ഥിതിയോടെ വായിച്ചു പോകാം. തമിഴൻ അങ്ങനെയല്ല. വാർത്ത ഉണ്ടെങ്കിലേ പത്രം വായിക്കൂ എന്ന നിർബന്ധ ബുദ്ധിക്കാരാണ് ഭൂരിഭാഗവും! അതുകൊണ്ടു തന്നെ ദിവസവും രാവിലെ ന്യൂസ്സ്റ്റാന്റിൽ വരുന്ന പത്രക്കെട്ടിനോടൊപ്പം എല്ലാ പത്രവും ഒരു പോസ്റ്റർ കൂടെ എത്തിക്കുന്നു. എന്താണെന്നോ? പത്രത്തിലെ പ്രധാന വാർത്തകളിലെ തലക്കെട്ട്. എല്ലാ പത്രത്തിന്റെയും പോസ്റ്റർ നിരത്തി ക്ലിപ്പിട്ട് തൂക്കിയോ നിലത്ത് വെച്ചോ പ്രദർശിപ്പിക്കും. വാർത്തയൊക്കെ നോക്കി സൗകര്യമുള്ള പത്രം വാങ്ങിയാൽ മതി. ആവശ്യമുള്ള വാർത്തയുണ്ടെങ്കിൽ പത്രം വാങ്ങിയാൽ മതിയെന്ന ഈ ചെന്നൈ സംസ്കാരം മലയാളി 'ന്യൂസ് പേപ്പർ ലഹരി' സംസ്കാരത്തിന്റെ മുകളിലോ താഴെയോ എന്ന് മാധ്യമവിദഗ്ധർ പറയട്ടെ.

ഈ ബഹളത്തിനിടയ്ക്ക് ചെന്നൈയിലെ മലയാളികളെ വാർത്താസമ്പന്നരാക്കാൻ പത്രമുത്തശ്ശിമാരായ മലയാളമനോരമയും മാതൃഭൂമിയും ചെന്നൈ എഡിഷൻ തുടങ്ങി. മലയാളികളെ തമിഴ് സംസ്കാരത്തിന്റെ ചീത്ത വശം മുഴുവൻ കാണിച്ച് 'മലയാളിദേശീയവികാരം' ഉണർത്തിയ മുത്തശ്ശിമാർ ചില്ലറ ബുദ്ധിമുട്ടല്ല ചെന്നൈയിൽ സഹിക്കുന്നത്. നാടുവിട്ടു പോകുമ്പോൾ കിട്ടുന്ന അനേകം വെളിപാടുകളിൽ ഒന്നാണ് പത്രവായന 'അവശ്യപട്ടിക'യിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന്. കേരളത്തിൽ വരുന്ന പത്രങ്ങളുടെ എഡിഷനുകൾക്ക് "സൗകര്യമുണ്ടെങ്കിൽ വായിച്ചാൽ മതി" എന്ന ഭാവമാണ്. ചെന്നൈയിൽ മലയാളി 'സൗകര്യമുള്ളപ്പോഴെ' പത്രം വായിക്കൂ. അങ്ങനെ രാവിലെ ദിനമണി, ദിനതന്തി, ദിനമലർ എന്നിവയുടെ കൂടെ 'മാതൃഭൂമി' എന്ന മലയാളപത്രത്തിന്റെയും പോസ്റ്റർ പ്രത്യക്ഷപ്പെടുന്നു. ചേരയെ തിന്നുന്ന നാട്ടിൽ നടുക്കണ്ടം തിന്നാതെ വയ്യല്ലോ!

താഴ്ന്ന ജാതിക്കാരെ വിളിച്ച് കൂടെയിരുന്ന് ഊണു കഴിച്ച് തലമുറകളുടെ പാപം തീർത്ത സാമൂഹ്യപരിഷ്കർത്താക്കളെ കുറിച്ച് മലയാളികൾക്ക് കുറേയേറെ അറിയാം. തമിഴന്റെ സാമൂഹ്യപരമായ ദയനീയാവസ്ഥ അവന്റെ വ്യക്തിപരമായ വൃത്തിഹീനതയാണെന്ന തെറ്റായ സന്ദേശം പരത്തി തൊട്ടുകൂടായ്മ ഉണ്ടാക്കിയതിൽ-ഇപ്പോഴും ഉണ്ടാക്കുന്നതിൽ- ഒന്നാംപ്രതികൾ മലയാളപത്രങ്ങളാണ്. ഇന്നിപ്പോൾ ഇക്കഴിഞ്ഞ ഏപ്രിൽ 18ന് ചെന്നൈയിൽ പിറന്ന മാതൃഭൂമിയുടെ 'ഉണ്ണി' ദിനകരന്റേയും ദിനതന്തിയുടേയും ദിനമണിയുടേയും കൂടെ കിടക്കുന്നതു കാണുമ്പോൾ പ്രൗഢജാതിക്കാർ 'താഴ്ന്ന ജാതി'ക്കാരന്റെ കൂടെയിരുന്ന് ഊണു കഴിച്ച് പ്രായശ്ചിത്തം ചെയ്യുന്നതോർമ്മവന്നെങ്കിൽ തെറ്റു പറയരുതേ.



**ആയുർവേദ ചികിത്സ**

തൃശ്ശൂർ കേരളവർമ്മ കോളജ് റോഡിലുള്ള ജില്ലാ സഹകരണ ആയുർവേദ ആശുപത്രിയിൽ നടുവേദന, വാതരോഗങ്ങൾ, ആർത്രൈറ്റിസ്, തളർവാതം, ആമവാതം, വാതദന്തം, എല്ല് തേയ്മാനം തുടങ്ങിയ രോഗങ്ങൾക്ക് വിദഗ്ധ ആയുർവേദ ചികിത്സ ലഭ്യമാണ്. ഉഴിച്ചിൽ/ ധാര, പഞ്ചകർമ്മ ചികിത്സകൾ ആശുപത്രിയിൽ അഡ്മിറ്റായും സൗകര്യപ്രദമായ സമയങ്ങളിൽ ഒ. പി. രൂപത്തിലും ചെയ്യുവാനുള്ള സൗകര്യം.

ഡോ. കെ. മഹേഷ് മേനോൻ, ഡോ. ആഗ്നസ് ക്ലീറ്റസ്

പരിശോധന സമയം 9.00 a.m-5.00 p. m Phone: 0487-380152